<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332</u> <u>30-08-2022 - ൽ മറുപടിയ്ക്ക്</u>

<u>കായംകുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം കായംകുളം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്‌ബി ഫണ്ടിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർമാണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്‌ബി ഫണ്ട്**<br><br>5കോടി കിഫ്‌ബി ഫണ്ടിലുൾപ്പെട്ട GBHSS കായംകുളം സ്കൂളിന്റെ ആഡിറ്റോറിയം ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിരുന്നു. ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ആഗസ്റ്റ് മാസാവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**3 കോടി കിഫ്‌ബി ഫണ്ട്**<br><br>3 കോടി കിഫ്‌ബി ഫണ്ടിലുൾപ്പെട്ട GHSS രാമപുരം സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**1 കോടി കിഫ്‌ബി ഫണ്ട്**<br><br>**1കോടി കിഫ്‌ബി ഫണ്ടിലുൾപ്പെട്ട GGHSS കായംകുളം സ്കൂളിന്റെ DPR കിഫ്‌ബി അംഗീകരിച്ചു. പുതിയ DSR / GST നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തി സാങ്കേതികാനുമതിയോടുകൂടി പുതിയ ടെണ്ടർ വിളിക്കുന്നതിന് കില നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ